**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4824 05/02/2014-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തിന്റെ പച്ചക്കറി ഉപയോഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | **ശ്രീ . കെ.പി.മോഹനൻ**<br>( കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) പച്ചക്കറിയുടെ വാർഷിക ഉപഭോഗം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ; | എ) നാഷണൽ ഹോർട്ടിക്കൾച്ചർ മിഷനിൽ നിന്നും ലഭ്യമായിട്ടുള്ള രേഖകൾ പ്രകാരം കേരളത്തിലെ പച്ചക്കറിയുടെ ഉപഭോഗം 8.18 ലക്ഷം മെട്രിക് ടൺ ആണ്. |
| ബി) നമ്മുടെ ആവശ്യത്തിനുള്ള മുഴുവൻ പച്ചക്കറിയും ഇവിടെ ഉല്പാദിപ്പിക്കുന്നുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ ; | ബി) ഇല്ല. നാഷണൽ ഹോർട്ടിക്കൾച്ചർ മിഷനിൽ നിന്നും ലഭ്യമായിട്ടുള്ള രേഖകൾ പ്രകാരം സംസ്ഥാനത്തെ പച്ചക്കറി ഉൽപാദനം 3.47 ലക്ഷം മെട്രിക് ടൺ ആണ്. |
| സി) തികയാതെ വരുന്ന പച്ചക്കറി അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്നത് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര; | സി) ഉണ്ട്. നാഷണൽ ഹോർട്ടിക്കൾച്ചർ മിഷന്റെ രേഖകൾ പ്രകാരം 4.71 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്നുണ്ട്. |
| ഡി) അന്യസംസ്ഥാനങ്ങളിൽ നിന്നും അമിതമായി കീടനാശിനി പ്രയോഗിച്ച പച്ചക്കറികൾ കൊണ്ടുവരുന്നത് നിയന്ത്രിക്കുന്നതിനായി സംസ്ഥാന കൃഷിവകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നു എന്ന് വ്യക്തമാക്കാമോ; | ഡി) അന്യ സംസ്ഥാനങ്ങളിൽ നിന്നും അമിതമായി കീടനാശിനി പ്രയോഗിച്ച പച്ചക്കറികൾ കൊണ്ടു വരുന്നത് നിയന്ത്രിക്കുന്നതിനായി നിലവിൽ സംസ്ഥാന കൃഷി വകുപ്പ് നടപടികളൊന്നും സ്വീകരിക്കുന്നില്ല. |
| ഇ) എൻഡോസൾഫാൻ തളിച്ച പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും വരുന്നത് ശാസ്ത്രീയമായി പരിശോധിച്ച് തിരിച്ചയ്ക്കുന്നതിന് കൃഷി വകുപ്പ് അതിർത്തി ചെക്ക് പോസ്റ്റുകളിൽ ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കാമോ ? | ഇ) എൻഡോസൾഫാൻ തളിച്ച പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും വരുന്നത് ശാസ്ത്രീയമായി പരിശോധിച്ച് തിരിച്ചയക്കുന്നതിന് കൃഷി വകുപ്പ് അതിർത്തി ചെക്ക് പോസ്റ്റുകളിൽ നിലവിൽ യാതൊരു സംവിധാനവും ഏർപ്പെടുത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**